ഹാസ്യ കഥ                                                              മാർഷൽ

# ഭൈമി

ഖത്തറിൽ നിന്നും കോയക്കുട്ടി വന്നിട്ടുണ്ടെന്നാറിഞ്ഞപ്പോൾ തുടങ്ങിയതാണ് ചെട്ടിയാർക്കൊരു പൊറുപൊറുപ്പ്. വീട്ടിൽ അഞ്ചെട്ടു കോഴികളുണ്ട്. ദിവസവും ഓരോന്നു കൊണ്ടുപോകിലും പറഞ്ഞ വിലയാണ് നാടന്.ഒരാഴ്ച്ചത്തേക്കേ ഉള്ളൂ താനും!

വീട്ടിനു മുമ്പിൽ തോട്ടുവരമ്പ്.

വരമ്പു കഴിഞ്ഞ് ,പാടം കഴിഞ്ഞ് , പാത കഴിഞ്ഞ്, ചുങ്കം ടൌൺ!

കോയ കാലത്തും വൈകീട്ടും  പോകും. എന്തിനാണ് പോകുന്നത്, എവിടേക്കാണ്  പോകുന്നത് എന്ന് ആരും ചോദിക്കുകയും ഇല്ല; കോയ ഒട്ടു പറയുകയും ഇല്ല! ഖത്തറുകാർ അങ്ങിനെയാണത്രെ!

ചെട്ടിയാരും ഭൈമിയും അഞ്ചെട്ടു കോഴികളും ഒഴിച്ചാൽ കുടിയിൽ ഒറ്റക്കുട്ടിയില്ല!

തോട്ടുവരമ്പത്തു കോയക്കുട്ടീനെ കണ്ടപ്പോൾ ചെട്ടിയാർ കെട്ടിയവളോടു പറഞ്ഞു:

ഭൈമീ കോഴിക്കു തീറ്റ കൊടൂ!

എന്തിനാണെന്നു പൊണ്ടാട്ടി.

അവൻ കോഴിയെ കാണട്ടെ. വായിൽ വെള്ളമൂറട്ടെ.

ഭൈമി കോഴിത്തീറ്റയുമായി മുറ്റത്തു വന്നു.

അവളുടെ വട്ടമുഖം.പച്ചക്കര ചേല. പച്ചക്കര ബ്ലൌസ്. മുഴച്ചു നിൽക്കുന്ന മാറിടം! ചേലക്കുത്തിൽ നിന്നും ഒരു പിടി അരിയെടുത്ത് വാരിയെറിഞ്ഞ് പറഞ്ഞു:

കോഴി      ഭ...ഭ...ഭ...ഭാ.....

കോയ തോട്ടുവരമ്പത്ത് വാ പൊളിച്ചു നിന്നു.  ബദരീങ്ങളേ! ' ഇ'ബ്ലേ...താ!?

ഭൈമി കോയക്കുട്ടിയേയും നോക്കി. നെഞ്ഞിൽ തുടിപ്പ്! ചുണ്ടിൽ മന്ദഹാസം.

കോയക്ക് എന്താ ചെയ്യേണ്ടത് എന്ന് നിശ്ചയമില്ലാതായി!

എന്താ കോയേ നോക്കി നിൽക്ക്ണ്?, എന്നായി ചെട്ടിയാർ.

കോഴിയെ കൊടക്കണോ?

കൊടക്കാം ( അപ്പൊ ഞാൻ പറഞ്ഞില്ലേ ഭൈമീ! കോയ കോയീനെക്കണ്ടാൽ ബിടൂല്ല!)

ബരട്ടേ?....

കോഴികള് മുളയാൻ കാലത്ത് വന്നോ... പിടിച്ചു തരാം.

ഇനിയിപ്പോൾ അതുവരെ കാത്തിരിക്കേണ്ടേ? കോയ തിരിഞ്ഞു നോക്കി തിരിഞ്ഞു നോക്കി പോയി. തോട്ടിൽ വീഴാഞ്ഞതു ജന്മാന്തരം!

മോന്തി നേരം. ചെട്ടിയാർ അല്പം വൈകിയാണ് കുടിയിൽ കയറിയത്. കുറച്ചു വേറെ കാര്യങ്ങൾ ഉണ്ടായിരുന്നു പുറമെ.

പടി കയറി വരുമ്പോൾ ചെട്ടിയാർക്ക് കോയക്കുട്ടിയുടെ കാര്യം ഓർമ്മ വന്നു.

കോഴിക്കൂട്ടിൽ ടോർച്ച് തെളിയിച്ച് നോക്കി.കോഴികൾ എഴെണ്ണം.ഒന്നിനെ കാണാൻ ഇല്ല!

ഒന്നെവിടെപ്പോയീ, ഭൈമീ?, എന്നായി ചെട്ടിയാർ.

കോയ കൊണ്ടോയിനീ!- ഭൈമി പറഞ്ഞു.

എത്രയ്ക്ക്യാ കൊണ്ടോയ്യേ?

അമ്പതിനി!

ഒരു എഴുപത്തഞ്ചു വീതമെങ്കിലും മേടിക്കണമെന്ന് കരുതിയിരുന്നതായിരുന്നു ചെട്ടിയാർ. ഭൈമിയെ പറഞ്ഞിട്ടു കാര്യമില്ല. പുത്തി വേണ്ടേ? പെണ്ണല്ലേ? വിസിൻനെസ്സനെപറ്റി വല്ല പൊനോം ഉണ്ടായീട്ടു വേണ്ടേ?

നിന്നെ കോയ പറ്റിച്ചു!

ഭൈമി സങ്കോചമന്യേ എടുത്ത വായിന്ു കെട്ടിയവനോട് പറഞ്ഞു :

അയിന് കായ് വേറെ വാങ്ങിനി!

----------------------------------------------------------------------------------------------------------

കേണൽ കെ ആർ മണി: s.kr.mani@gmail.com

.